(സി) മൈത്രി ഭവന പദ്ധതി നടപ്പിലാക്കിയതുകൊണ്ട് പഞ്ചായത്തുകൾ അടച്ച ഫണ്ട് ഭവന നിർമ്മാണ ബോർഡിൽ കെട്ടിക്കിടക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പഞ്ചായത്തുകൾ അടച്ച പണം മടക്കി കൊടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 784 ഗ്രാമപഞ്ചായത്തുകളും 92 ബ്ലോക്ക് പഞ്ചായത്തുകളും 9 ജില്ലാ പഞ്ചായത്തുകളും 32 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും പണം അടച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) പഞ്ചായത്തുകൾ അടച്ച തുകയിൽ ഗുണഭോക്താക്കൾക്കു നൽകിയ വിഹിതത്തിന്റെ ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകാനുണ്ടെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതി

59 [675] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വിസ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ വരവു ചെലവ് കണക്കുകളുടെ ഓഡിറ്റ് ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ; എങ്കിൽ ഇതുവരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പയ്യന്നൂർ നിയോജക മണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്തിൽ ആരംഭിച്ച കേന്ദ്രം അടച്ചു പൂട്ടിയത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.ഡി.സി. എന്ന സ്വിസ് ഏജൻസിയുമായി സഹകരിച്ചു കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം 2000-2001 കാലയളവിൽ 60 ലക്ഷം രൂപ ചെലവിൽ ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികൾ വികസിപ്പിക്കുന്ന ഒരു പദ്ധതി

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ അഞ്ചു പഞ്ചായത്തുകളിൽ നടപ്പിലാക്കി. 2002 ജനുവരി മുതൽ 2003 ഡിസംബർ വരെയുള്ള കാലയളവിൽ റൂറൽ ഹൗസിംഗ് പ്രോഗ്രാം എന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 137.92 ലക്ഷം രൂപ ചെലവിൽ കേരളത്തിലെ 14 പഞ്ചായത്തുകളിൽ പൂർത്തിയാക്കി. ഇതിന്റെ രണ്ടാം ഘട്ടം ജനുവരി 2004 മുതൽ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ചെലവിലേയ്ക്കായി 137.92 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ മൂന്നും നാലും ഘട്ടങ്ങൾ വരുന്ന വർഷങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ധൻ ആന്റ് കോ ചാർട്ടേർഡ് അക്കൗണ്ടന്റ്സിനെയാണ് ഇതിന്റെ ഓഡിറ്റ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ലഭ്യമായ ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം വയ്ക്കുന്നു.†

(സി) ഈ പദ്ധതിയുടെ ഭാഗമായി 2000-ൽ കുഞ്ഞിമംഗലം സെന്റർ ടി പഞ്ചായത്തിന്റെ അനുമതിയോടുകൂടി ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. എന്നാൽ 2001-ൽ പദ്ധതി നടത്തിപ്പിലേയ്ക്ക് വേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ ടി കേന്ദ്രത്തിന്റെ പ്രവർത്തനം നിർത്തിവച്ചു.

(ഡി) പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിയ്ക്കാവശ്യമായ സ്ഥലവും സൗകര്യങ്ങളും പഞ്ചായത്ത് ലഭ്യമാക്കിയാൽ ഈ സെന്റർ ഉടനെ തന്നെ തുറന്ന് പ്രവർത്തിപ്പിക്കാവുന്നതാണ്.

സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്യുന്ന തീരുമാനം

60 [676] ശ്രീ. ടി. പി. രാമകൃഷ്ണൻ:
„ കെ. കെ. ജയചന്ദ്രൻ:
„ വി. കെ. ചന്ദ്രൻ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ പാട്ടത്തുക ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ തീരുമാനമെടുക്കുന്നതിനു മുമ്പ് എന്തെങ്കിലും പഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത പഠനം ഏതു രീതിയിലുള്ളതായിരുന്നുവെന്നും അതിന്റെ നിഗമനങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) പാട്ടക്കുടിശ്ശികയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയ്ക്കു എന്തെല്ലാം ഇളവുകളാണ് നൽകിയിട്ടുള്ളത്;

(ഡി) കുടിശ്ശികയിൽ ഇളവുകൾ നൽകുന്നതുമൂലം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം എത്ര;

(ഇ) വാർഷിക പാട്ടനിരക്ക് ഭേദഗതി ചെയ്യുന്നതുമൂലം സർക്കാരിന് ഒരു വർഷം എന്തു തുകയുടെ നഷ്ടം ഉണ്ടാകുമെന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly